പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 157

# 2018-ലെ കേരള മത്സ്യലേലം വിപണനം ഗുണനിലവാര പരിപാലനം ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 157

# 2018-ലെ കേരള മത്സ്യലേലം വിപണനം ഗുണനിലവാര പരിപാലനം ബിൽ

1433/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 157

# 2018-ലെ കേരള മത്സ്യലേലം വിപണനം ഗുണനിലവാര പരിപാലനം ബിൽ

മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗിക മായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള മത്സ്യലേലം വിപണനം ഗുണനിലവാര പരിപാലനം ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റിലെ 26-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ബി) "അപ്പീൽ അധികാരി" എന്നാൽ അതതു ജില്ലയുടെ അധികാരിതയുള്ള ജില്ലാ കളക്ടർ എന്നർത്ഥമാകുന്നു;

1433/2018.

(സി) "ലേല കമ്മീഷൻ" എന്നാൽ ലേലം നടത്തിയതിന്റെയോ ലേലം നടത്തിപ്പിനായി സൗകര്യങ്ങൾ പ്രദാനം ചെയ്തതിന്റെയോ വകയിൽ മത്സ്യവില്പനക്കാരിൽ നിന്നും സർവ്വീസ് ചാർജ്ജിനത്തിൽ ഈടാക്കുന്ന തുകയോ മത്സ്യമോ എന്നർത്ഥമാകുന്നു;

(ഡി) "ലേലക്കാരൻ" എന്നാൽ മത്സ്യ ലേലത്തിനു വേണ്ടി 5-ാംവകുപ്പ് പ്രകാരം സാധുതയുള്ള ഒരു അനുമതിപത്രം കരസ്ഥമാക്കിയ വ്യക്തി എന്നർത്ഥമാകുന്നു;

(ഇ) "അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്ട് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലപ്പെട്ട കടമകൾ നിർവ്വഹിക്കുന്നതിനുമായി വിജ്ഞാപനം വഴി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള, ആ പ്രദേശത്ത് അധികാരിതയുള്ള ഫിഷറീസ് വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എഫ്) "ചിൽഡ് സ്റ്റോറേജ്" എന്നാൽ മത്സ്യത്തെ വാണിജ്യ അടിസ്ഥാനത്തിൽ താഴ്ന്ന ഊഷ്മാവിൽ തണുപ്പിച്ച് സൂക്ഷിക്കാനുള്ള സൗകര്യം എന്നർത്ഥമാകുന്നു;

(ജി) "പരിവഹന സൗകര്യം" എന്നാൽ വാണിജ്യാടിസ്ഥാനത്തിൽ മത്സ്യം റോഡ് മാർഗ്ഗം വിതരണം ചെയ്യുന്നതിനുപയോഗിക്കുന്ന യന്ത്രവത്കൃത വാഹനം എന്നർത്ഥമാകുന്നു;

(എച്ച്) "മത്സ്യം" എന്നാൽ ഭക്ഷ്യയോഗ്യമായതും സാമ്പത്തിക, വാണിജ്യ മൂല്യമുള്ളതുമായ എല്ലാ ജലജീവികളും എന്നർത്ഥമാകുന്നു;

(ഐ) "മത്സ്യബന്ധനം" എന്നാൽ ഏതെങ്കിലും മാർഗ്ഗങ്ങൾ അവലംബിച്ച് മത്സ്യം പിടിക്കുകയോ ശേഖരിക്കുകയോ ആകർഷിക്കുകയോ പിന്തുടരുകയോ ചെയ്യുക എന്നർത്ഥമാകുന്നു;

(ജെ) "ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റി" എന്നാൽ ഈ ആക്ടിലെ 7-ാം വകുപ്പ് പ്രകാരം ഒരു ലാന്റിംഗ് സെന്ററിന്റെ നടത്തിപ്പിനും പരിപാലനത്തിനുമായി രൂപീകരിച്ച സൊസൈറ്റി എന്നർത്ഥമാകുന്നു;

(കെ) "ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി" എന്നാൽ ഈ ആക്ടിലെ 11-ാം വകുപ്പ് പ്രകാരം ഒരു മാർക്കറ്റിന്റെ നടത്തിപ്പിനും പരിപാലനത്തിനുമായി രൂപീകരിച്ച സൊസൈറ്റി എന്നർത്ഥമാകുന്നു;

(എൽ) "മത്സ്യത്തൊഴിലാളി" എന്നാൽ പരമ്പരാഗതമായി ജീവസന്ധാരണത്തിനുവേണ്ടി മുഖ്യമായും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന വ്യക്തി എന്നർത്ഥമാകുന്നു;

(എം) "മത്സ്യോല്പാദനം" എന്നാൽ മത്സ്യം ഒരു പ്രധാന ഘടകമായ ഉല്പന്നം എന്നർത്ഥമാകുന്നു;

(എൻ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഒ) "ഹാർബർ" എന്നാൽ ഈ ആക്ടിലെ 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടതും മത്സ്യബന്ധന യാനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും മത്സ്യം ശുചിത്വപൂർണ്ണമായി കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്ഥലം എന്നർത്ഥമാകുന്നു;

(പി) "ഹാർബർ മാനേജ്മെന്റ് സൊസൈറ്റി" എന്നാൽ ഈ ആക്ടിലെ 9-ാം വകുപ്പ് പ്രകാരം ഒരു മത്സ്യബന്ധന ഹാർബറിന്റെ നടത്തിപ്പിനും പരിപാലനത്തിനുമായി രൂപീകരിച്ച സൊസൈറ്റി എന്നർത്ഥമാകുന്നു;

(ക്യൂ) "ഐസ് പ്ലാന്റ്" എന്നാൽ മത്സ്യം സൂക്ഷിക്കുന്നതിനുള്ള ഐസ് വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന സ്ഥാപനം എന്നർത്ഥമാകുന്നു;

(ആർ) "ലാന്റിംഗ് സെന്റർ" എന്നാൽ ഈ ആക്ടിലെ 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടതും മത്സ്യം കടലിൽ നിന്ന് നേരിട്ട് കരയിലെത്തിക്കുന്നതിനുവേണ്ടിയുള്ളതുമായ സ്ഥലം എന്നർത്ഥമാകുന്നു;

(എസ്) "മാർക്കറ്റ്" എന്നാൽ ഈ ആക്ടിലെ 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടതും ലാന്റിംഗ് സെന്റർ, ഹാർബർ, കടമുറി, ബൂത്ത്, മത്സ്യ കൃഷിയിടം എന്നിവ ഒഴികെ ആഭ്യന്തര ഉപഭോഗത്തിനോ കയറ്റുമതിക്കോ വേണ്ടി മത്സ്യം വിപണനം നടത്തുന്ന അഥവാ കൈമാറ്റം ചെയ്യുന്ന സ്ഥലം എന്നർത്ഥമാകുന്നു;

(റ്റി) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(യു) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(വി) "പൂർവ്വ സംസ്കരണം" എന്നാൽ മത്സ്യത്തിന്റെ തല നീക്കം ചെയ്യൽ മാംസം വേർതിരിക്കൽ, ചെകിള നീക്കം ചെയ്യൽ, കുടൽ നീക്കം ചെയ്യൽ, തൊലിപൊളിക്കൽ മുതലായവ എന്നർത്ഥമാകുന്നു;

(ഡബ്ല്യു) "പൂർവ്വ സംസ്കരണ കേന്ദ്രം" എന്നാൽ മത്സ്യത്തിന്റെ പൂർവ്വ സംസ്കരണം വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്നതിനായി സജ്ജീകരിച്ച സ്ഥാപനമോ സ്ഥലമോ ചുറ്റുപാടോ എന്നർത്ഥമാകുന്നു;

(എക്സ്) "സംസ്കരണം" എന്നാൽ മത്സ്യം ടിന്നിലടയ്ക്കുകയോ, അച്ചാറാക്കുകയോ, വേവിക്കുകയോ ഉണക്കുകയോ ഉപ്പിലിടുകയോ ശീതീകരിക്കുകയോ പുകച്ചുണക്കുകയോ സമാനമായ തരത്തിൽ വിപണനത്തിന് സജ്ജമാക്കുകയോ ചെയ്യുക എന്നർത്ഥമാകുന്നു;

(വൈ) "സംസ്കരണ കേന്ദ്രം" എന്നാൽ മത്സ്യത്തിന്റെ സംസ്ക്കരണ പ്രവർത്തനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്നതിനായി സജ്ജീകരിച്ച സ്ഥാപനമോ സ്ഥലമോ ചുറ്റുപാടോ എന്നർത്ഥമാകുന്നു;

(ഇസഡ്) "ആക്ടിലെ വ്യവസ്ഥകൾ" എന്നാൽ ഈ ആക്ടിലെയോ അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയോ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലേയോ വ്യവസ്ഥകൾ എന്നർത്ഥമാകുന്നു;

(ഇസഡ്എ) "സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി" എന്നാൽ 16-ാം വകുപ്പ് പ്രകാരം ഒരു വിജ്ഞാപനത്താൽ സർക്കാർ രൂപീകരിച്ച കമ്മിറ്റി എന്നർത്ഥമാകുന്നു;

(ഇസഡ്ബി) "യാനം" എന്നാൽ യന്ത്രസഹായത്താൽ മത്സ്യബന്ധനം നടത്തുന്നതിനോ ജലമാർഗ്ഗം മത്സ്യം കടത്തുന്നതിനോ ഉപയോഗിക്കുന്ന ഒരു വാഹനം എന്നർത്ഥമാകുന്നു.

3. ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവ പ്രഖ്യാപിക്കുന്നതിനുള്ള അധികാരം.—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ടിലെ ആവശ്യങ്ങൾക്കായി സർക്കാരിന് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവ കാലാകാലങ്ങളിൽ വിജ്ഞാപനം വഴി പ്രഖ്യാപിക്കാവുന്നതാണ്.

(2) ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവയുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ നിലവാരം സർക്കാരിന് വിജ്ഞാപനത്തിലൂടെ നിഷ്കർഷിക്കാവുന്നതാണ്.

4. മത്സ്യലേലം വ്യവസ്ഥപ്പെടുത്തൽ.—(1) ഈ ആക്ടിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവിടങ്ങളിൽക്കൂടിയല്ലാതെ മത്സ്യലേലം നടത്തുന്നത് സർക്കാരിന് വിജ്ഞാപനത്താൽ നിരോധിക്കാവുന്നതാണ്.

(2) ഈ ആക്ടിലെ 5-ാം വകുപ്പ് പ്രകാരം അനുമതിപത്രം നേടാത്ത ഒരാൾ ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവിടങ്ങളിൽ ലേലം നിർവ്വഹിക്കുന്നത് സർക്കാരിനു വിജ്ഞാപനം വഴി നിരോധിക്കാവുന്നതാണ്.

എന്നാൽ, ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ സർക്കാർ വിജ്ഞാപനം ചെയ്ത ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവയ്ക്ക് പുറത്ത് മത്സ്യലേലത്തിൽ താൽക്കാലികമായി ഏർപ്പെടുന്നതിനുള്ള അനുമതിപത്രം നിർണ്ണയിക്കപ്പെട്ട പ്രകാരം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് നൽകാവുന്നതാണ്.

(3) മത്സ്യലേലം നിർവ്വഹിക്കേണ്ട രീതി, ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ സർക്കാരിന് വിജ്ഞാപനത്താൽ ക്രമപ്പെടുത്താവുന്നതാണ്.

(4) ലേലത്തുകയുടെ അഞ്ചുശതമാനത്തിൽ കവിയാത്ത തുക ലേല കമ്മീഷൻ ആയി സർക്കാരിന് വിജ്ഞാപനത്താൽ നിശ്ചയിക്കാവുന്നതും ലേലക്കാരൻ മുഖേന വസൂലാക്കാവുന്നതുമാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം വസൂലാക്കപ്പെടുന്ന ലേല കമ്മീഷൻ തുക, ലേലക്കാരൻ, മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം, തദ്ദേശ സ്വയംഭരണ സ്ഥാപനം, ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റി/ഹാർബർ മാനേജ്മെന്റ് സൊസൈറ്റി/മത്സ്യ മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി എന്നിവർക്കായി വിഭജിക്കപ്പെടേണ്ട അനുപാതം സർക്കാരിന് വിജ്ഞാപനത്താൽ നിശ്ചയിക്കാവുന്നതാണ്.

(6) ലേലക്കാരൻ ഉൾപ്പെടെ യാതൊരാളും പണമായോ മറ്റ് രീതിയിലോ യാതൊരു തരത്തിലുള്ള മറ്റ് ആനുകൂല്യങ്ങളും വസൂലാക്കാൻ പാടില്ലാത്തതാകുന്നു.

(7) മത്സ്യത്തിന്റെ എണ്ണം, തൂക്കം എന്നിവയുടെയോ അവ ഉൾക്കൊള്ളുന്ന പെട്ടി, കുട്ട എന്നിവയുടെ എണ്ണത്തിന്റെയോ അടിസ്ഥാനത്തിലായിരിക്കണം ലേലം നിർവ്വഹിക്കേണ്ടത്.

(8) മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിൽ നിന്നും മത്സ്യബന്ധന ഉപകരണങ്ങൾ സ്വായത്തമാക്കുന്നതിനായി വായ്പയെടുത്തിട്ടുള്ള ഏതൊരാളും പ്രസ്തുത സംഘം നിയോഗിച്ചിട്ടുള്ള ലേലക്കാരൻ മുഖേന മാത്രമേ മത്സ്യലേലത്തിൽ ഏർപ്പെടാൻ പാടുള്ളൂ.

(9) ഈ വകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ഈ ആക്ടിലെ 30-ാം വകുപ്പ് പ്രകാരം ശിക്ഷാനടപടികൾക്ക് വിധേയനാകുന്നതാണ്.

5. <u>ലേലക്കാരനുള്ള അനുമതിപത്രം</u>.—(1) ഏതെങ്കിലും ഒരു ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവിടങ്ങളിൽ മത്സ്യലേലം നിർവ്വഹിക്കുന്നതിനുള്ള അനുമതിപത്രം ലഭിക്കുന്നതിന് ഉദ്ദേശിക്കുന്ന ഏതൊരാളും ആ പ്രദേശത്തേക്ക് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ നിർണ്ണയിക്കപ്പെടുന്ന പ്രകാരം അങ്ങനെയുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കി ആവശ്യമായ വിവരങ്ങളും ലേലത്തിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് രൂപീകൃതമാക്കപ്പെട്ട ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റി/ഹാർബർ മാനേജ്മെന്റ് സൊസൈറ്റി/ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി എന്നിവയിൽ ഏതിന്റെയെങ്കിലുമോ ആ പ്രദേശത്ത് നിലവിലുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന്റേയോ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്.

(3) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ (1)-ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, അദ്ദേഹം ആവശ്യമായ അന്വേഷണം നടത്തി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം മത്സ്യലേലം നിർവ്വഹിക്കുന്നതിനുള്ള അനുമതിപത്രം നൽകുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന അനുമതിപത്രം നിർണ്ണയിക്കപ്പെട്ടിട്ടുള്ള അങ്ങനെയുള്ള മാതൃകയിൽ ആയിരിക്കേണ്ടതും അതിൽ അനുമതി ലഭിച്ച ഫിഷ് ലാന്റിംഗ് സെന്റർ/ഹാർബർ/മാർക്കറ്റ് എന്നിവയുടെ പേരും ജില്ലയും രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

(5) (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിച്ച ഒരു അപേക്ഷ നിരസിക്കുന്നപക്ഷം ആയത് നിരസിക്കാനുള്ള കാരണം സഹിതം പ്രസ്തുത വിവരം അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(6) ലേലക്കാരന് ലേലം ചെയ്യുന്നതിനുള്ള അവകാശം അനുമതിപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലത്ത് മാത്രമേ ഉണ്ടായിരിക്കുകയുള്ളു.

(7) റദ്ദാക്കപ്പെടുകയോ തടഞ്ഞുവയ്ക്കപ്പെടുകയോ ചെയ്യാത്ത പക്ഷം ഈ വകുപ്പ് പ്രകാരം നൽകുന്ന അനുമതിപത്രത്തിന് മൂന്ന് വർഷക്കാലത്തേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(8) (3)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച ഒരു അനുമതിപത്രത്തിന്റെ കാലാവധി തീരുമ്പോൾ പുതിയത് നേടുന്നതിനായി അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസടച്ചും പുതുക്കാവുന്നതാണ്.

(v) പ്രദേശത്തെ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി
വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ - അംഗം
(മുനിസിപ്പൽ കോർപ്പറേഷന് ബാധകമല്ല)

(vi) ഫിഷ് ലാന്റിംഗ് സെന്റർ ഉൾപ്പെടുന്ന വാർഡിലെ
ഗ്രാമപഞ്ചായത്ത് ഭരണ സമിതി/മുനിസിപ്പൽ
കൗൺസിൽ മെമ്പർ - അംഗം
(മുനിസിപ്പൽ കോർപ്പറേഷന് ബാധകമല്ല)

(vii) പ്രദേശം അധികാര പരിധിയായി വരുന്ന
മത്സ്യത്തൊഴിലാളി സഹകരണ സംഘം
പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം
ചെയ്യുന്ന രണ്ടു പേർ - അംഗങ്ങൾ

(viii) അതത് പ്രദേശത്തെ പരമ്പരാഗത
മത്സ്യത്തൊഴിലാളികളിൽ നിന്നും ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്/മുനിസിപ്പാലിറ്റി ചെയർമാൻ/മുനിസിപ്പൽ
കോർപ്പറേഷൻ മേയർ നാമനിർദ്ദേശം ചെയ്യുന്ന ഒരു
പ്രതിനിധി - അംഗം

(2) (1)-ാം ഉപവകുപ്പിലെ (i), (ii), (iii), (iv) എന്നീ ഇനങ്ങൾ പ്രകാരം ഔദ്യോഗിക സ്ഥാനം വഹിക്കുന്നതു വഴി അംഗങ്ങളാകുന്നവരുടെ കാലാവധി, അവർ അത്തരത്തിലുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്ന കാലത്തോളം തുടരേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിലെ (v), (vi) എന്നീ ഇനങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ കാലാവധി, അവർ അങ്ങനെ വഹിക്കുന്ന സ്ഥാനത്ത് തുടരുന്ന കാലം വരെയോ, അവർ അങ്ങനെ വഹിക്കുന്ന സ്ഥാനത്തേക്ക് പുതിയ തെരഞ്ഞെടുപ്പ് വിജ്ഞാപനം ഉണ്ടാകുന്ന കാലം വരെയോ ആയിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിലെ (vii), (viii) എന്നീ ഇനങ്ങൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘം പ്രസിഡന്റുമാർ, പരമ്പരാഗത മത്സ്യത്തൊഴിലാളി എന്നിവരുടെ കാലാവധി (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ അഞ്ചു വർഷത്തേക്കായിരിക്കും.

(5) (1)-ാം ഉപവകുപ്പിലെ (vii), (viii) എന്നീ ഇനങ്ങൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അനൗദ്യോഗിക അംഗത്തിന് സർക്കാരിന് ലിഖിതമായ നോട്ടീസ്

6. ലേലക്കാരന്റെ ചുമതലകളും കർത്തവ്യങ്ങളും.—ഈ ആക്ടിലെ വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി ലേലക്കാരന് താഴെപ്പറയുന്ന ചുമതലകളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവിടങ്ങളിൽ ഉണ്ടാകുന്ന അപ്രതീക്ഷിത സംഭവങ്ങൾ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനെ യഥാസമയം അറിയിക്കുക;

(ii) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് മത്സ്യലേലം നിർവ്വഹിക്കപ്പെടുന്നതെന്ന് ഉറപ്പാക്കുക;

(iii) ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവിടങ്ങളിൽ എത്തിച്ചേരുന്ന മത്സ്യത്തിന്റെ ലേലം നിർവ്വഹിക്കുക;

(iv) ലേല കമ്മീഷൻ വസൂലാക്കുകയും പ്രസ്തുത കമ്മീഷൻ സർക്കാർ നിശ്ചയിക്കുന്ന അനുപാതത്തിൽ ലേലക്കാരൻ, മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, തദ്ദേശ സ്വയംഭരണ സ്ഥാപനം, ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റി/ഹാർബർ മാനേജ്മെന്റ് സൊസൈറ്റി/മത്സ്യ മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി എന്നിവർക്കായി വിഭജിക്കുകയും ചെയ്യുക ;

(v) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ രജിസ്റ്ററുകളും കണക്കുകളും സൂക്ഷിക്കുകയും, ആവശ്യപ്പെടുന്ന പക്ഷം അവ പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്യുക.

7. ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുടെ രൂപീകരണം.—(1) ഓരോ ലാന്റിംഗ് സെന്ററിന്റെയും ശരിയായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റി സർക്കാരിന് ഗസറ്റ് വിജ്ഞാപനത്താൽ രൂപീകരിക്കാവുന്നതാണ്. അതിൽ താഴെ പറയുന്ന അംഗങ്ങളുമായിരിക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| (i) പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പാലിറ്റി ചെയർമാൻ/മുനിസിപ്പൽ കോർപ്പറേഷൻ ഡിവിഷൻ മെമ്പർ | - | അദ്ധ്യക്ഷൻ |
| (ii) പ്രദേശം അധികാര പരിധിയിൽ വരുന്ന മത്സ്യഭവന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ | - | മെമ്പർ സെക്രട്ടറി |
| (iii) ഭക്ഷ്യ സുരക്ഷാ ഓഫീസർ | - | അംഗം |
| (iv) മത്സ്യഫെഡ് പ്രോജക്ട് ഓഫീസർ | - | അംഗം |

നൽകിക്കൊണ്ട് തന്റെ അംഗത്വം രാജി വെയ്ക്കാവുന്നതും എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതുമാണ്.

(6) നാമനിർദ്ദേശം ചെയ്യപ്പെടുന്ന അനൗദ്യോഗിക അംഗത്തിന്റെ ഇടക്കാല ഒഴിവോ ആകസ്മിക ഒഴിവോ മൂന്ന് മാസത്തിനകം നികത്തേണ്ടതും അപ്രകാരം പുതിയതായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗം അദ്ദേഹത്തെ ആരുടെ സ്ഥാനത്തേക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന്റെ ശേഷിക്കുന്ന കാലയളവിലേക്ക് മാത്രം സ്ഥാനം വഹിക്കേണ്ടതുമാണ്.

(7) സർക്കാരിന് ഏതൊരംഗത്തേയും താഴെ പറയുന്ന കാരണങ്ങളാൽ നീക്കം ചെയ്യാവുന്നതാണ്, അതായത്:—

(എ) അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലാത്തതായി അധികാരിതയുള്ള കോടതിയാൽ വിധിക്കപ്പെട്ടാൽ;

(ബി) അദ്ദേഹം ഒരു അവിമുക്ത നിർദ്ധനനായി അധികാരിതയുള്ള കോടതിയാൽ വിധിക്കപ്പെട്ടാൽ;

(സി) ശാരീരികമോ മാനസികമോ ആയ വൈകല്യത്താൽ അപ്രകാരം തുടരാൻ കഴിവില്ലാതെ വന്നാൽ;

(ഡി) സർക്കാരിന്റെ അഭിപ്രായത്തിൽ സദാചാര വിരുദ്ധമായതോ അല്ലെങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെടെയുള്ള കുറ്റകൃത്യത്തിനോ ശിക്ഷിക്കപ്പെട്ടാൽ.

8. <u>ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും</u>.—(1) ഈ ആക്ടിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും താഴെ പറയും പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(i) ലാന്റിംഗ് സെന്ററിന്റെ അടിസ്ഥാന ഭൗതികസൗകര്യ വികസന പ്രവർത്തനവും മറ്റു പ്രവൃത്തികളും ആവിഷ്ക്കരിക്കൽ, പദ്ധതികൾ രൂപവൽക്കരിക്കൽ മേൽനോട്ടം വഹിക്കൽ എന്നിവയിൽ ഏർപ്പെടുക;

(ii) ലാന്റിംഗ് സെന്ററിൽ മത്സ്യലേലം, വിൽപ്പന, ഗുണനിലവാര പരിപാലനം എന്നിവ ഈ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണെന്ന് ഉറപ്പ് വരുത്തുക;

(iii) എല്ലാ തൽപ്പരകക്ഷികൾക്കും ഈ ആക്റ്റിലെ വ്യവസ്ഥകളെക്കുറിച്ച് ബോധവത്ക്കരണം നൽകുക;

(iv) ലാന്റിംഗ് സെന്ററിൽ മത്സ്യലേലത്തിലും വില്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ ഒഴിവാക്കിക്കൊണ്ട് അതിൽ പങ്കെടുക്കുന്നവർ തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുക;

(v) ഈ ആക്റ്റിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരെ സഹായിക്കുക;

(vi) സർക്കാർ വിജ്ഞാപനത്താൽ നിശ്ചയിക്കുന്ന യൂസർ ഫീസ് ഉപയോക്താക്കളിൽ നിന്നും ഈടാക്കാൻ ഏർപ്പാടാക്കുക;

(vii) ലഭിക്കുന്ന യൂസർ ഫീസ്, ലേല കമ്മീഷൻ ഓഹരി തുക എന്നിവ ബന്ധപ്പെട്ട ലാന്റിംഗ് സെന്ററിന്റെ വികസനത്തിനും നടത്തിപ്പിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ചെലവഴിക്കുക;

(viii) ലാന്റിംഗ് സെന്ററിന്റെ നടത്തിപ്പ്, പരിപാലനം, നിരീക്ഷണം എന്നിവ നിർവ്വഹിക്കുന്നതിനു ആവശ്യമായ ജീവനക്കാരെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിക്കുക;

(ix) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു അധികാരങ്ങളും കടമകളും ചുമതലകളും നിറവേറ്റുക.

9. <u>ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ രൂപീകരണം</u>.—(1) ഓരോ മത്സ്യബന്ധന ഹാർബറിന്റെയും ശരിയായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി, സർക്കാരിന്, വിജ്ഞാപനത്താൽ ഒരു ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിക്കാവുന്നതാണ്: അതിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

| | | |
|---|---|---|
| (i) ജില്ലാ കളക്ടർ | - | ചെയർമാൻ |
| (ii) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | - | മെമ്പർ സെക്രട്ടറി |
| (iii) എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഹാർബർ എഞ്ചിനീയറിംഗ് ) | - | അംഗം |
| (iv) പോർട്ട് ഓഫീസർ | - | അംഗം |
| (v) അസിസ്റ്റന്റ് കമ്മീഷണർ (ഭക്ഷ്യ സുരക്ഷാ വിഭാഗം) | - | അംഗം |
| (vi) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | - | അംഗം |

(vii) എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ജല അതോറിറ്റി) - അംഗം

(viii) മത്സ്യഫെഡ് ജില്ലാ മാനേജർ - അംഗം

(ix) പ്രദേശത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ പഞ്ചായത്ത് മെമ്പർമാർ/വാർഡ് കൗൺസിലർമാർ എന്നിവരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ - അംഗം

(x) ഹാർബറിലെ അംഗീകൃത ട്രേഡ് യൂണിയനുകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നിൽ കുറയാത്ത പ്രതിനിധികൾ - അംഗങ്ങൾ

(xi) പ്രദേശത്തെ യന്ത്രവത്കൃത യാന ഉടമകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി - അംഗം.

(2) (1)-ാം ഉപവകുപ്പിലെ (i) മുതൽ (viii) വരെയുള്ള ഇനങ്ങൾ പ്രകാരം ഔദ്യോഗിക സ്ഥാനം വഹിക്കുന്നതു വഴി അംഗങ്ങളാകുന്നവരുടെ കാലാവധി അവർ അത്തരത്തിലുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്ന കാലത്തോളം ആയിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലെ (ix)-ാം ഇനം പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗത്തിന്റെ കാലാവധി, അദ്ദേഹം അങ്ങനെയുള്ള സ്ഥാനത്ത് തുടരുന്ന കാലം വരെയോ, അങ്ങനെ വഹിക്കുന്ന സ്ഥാനത്തേക്ക് പുതിയ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന കാലം വരെയോ ആയിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിലെ (x), (xi) എന്നീ ഇനങ്ങൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന പ്രതിനിധികളുടെ കാലാവധി (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ അഞ്ച് വർഷത്തേക്കായിരിക്കുന്നതാണ്.

(5) (1)-ാം ഉപവകുപ്പിലെ (x), (xi) എന്നീ ഇനങ്ങൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അനൗദ്യോഗിക അംഗങ്ങൾക്ക്, സർക്കാരിന്, ലിഖിതമായ നോട്ടീസ് നൽകി കൊണ്ട് തന്റെ അംഗത്വം രാജി വയ്ക്കാവുന്നതും എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതുമാണ്.

(6) നാമനിർദ്ദേശം ചെയ്യപ്പെടുന്ന അനൗദ്യോഗിക അംഗത്തിന്റെ ഇടക്കാല ഒഴിവോ ആകസ്മിക ഒഴിവോ മൂന്നു മാസത്തിനകം നികത്തേണ്ടതും അപ്രകാരം പുതിയതായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗം അദ്ദേഹത്തെ ആരുടെ സ്ഥാനത്തേക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന്റെ ശേഷിക്കുന്ന കാലയളവിലേക്ക് മാത്രം സ്ഥാനം വഹിക്കേണ്ടതുമാണ്.

(7) സർക്കാർ നാമനിർദ്ദേശം ചെയ്ത ഏതൊരംഗത്തെയും, അയാൾ,—

(എ) ബുദ്ധിസ്ഥിരതയില്ലാത്ത ആളായിത്തീരുകയും അധികാരിതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ;

(ബി) ഒരു കോടതിയാൽ അവിമുക്ത നിർദ്ധനനായി വിധിക്കപ്പെടുകയോ;

(സി) ശാരീരികമോ മാനസികമോ ആയ വൈകല്യത്താൽ അപ്രകാരം തുടരുവാൻ കഴിയാതെ വരികയോ;

(ഡി) സർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്നതോ അല്ലെങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെടുന്നതോ ആയ ഒരു കുറ്റത്തിന്, കുറ്റം സ്ഥാപിക്കപ്പെട്ട് തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ,

ചെയ്യുന്നപക്ഷം, ഔദ്യോഗിക സ്ഥാനത്ത് നിന്നും നീക്കം ചെയ്യേണ്ടതാണ്.

10. ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.—(1) ഈ ആക്ടിന്റെ 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്, അതായത് :—

(i) ഹാർബറിന്റെ അടിസ്ഥാന ഭൗതിക സൗകര്യ വികസന പ്രവർത്തനവും, മറ്റു പ്രവൃത്തികളും ആവിഷ്ക്കരിക്കുക, പദ്ധതികൾ രൂപവത്ക്കരിക്കുക, മേൽനോട്ടം വഹിയ്ക്കുക എന്നിവയിൽ ഏർപ്പെടുക;

(ii) ഹാർബറിൽ മത്സ്യലേലം, വിൽപ്പന, ഗുണനിലവാരം എന്നിവ ഈ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണെന്ന് ഉറപ്പ് വരുത്തുക;

(iii) എല്ലാ തല്പരകക്ഷികൾക്കും ഈ ആക്ടിലെ വ്യവസ്ഥകളെക്കുറിച്ച് ബോധവത്ക്കരണം നല്കുക;

(iv) ഹാർബറിനുള്ളിൽ മത്സ്യലേലത്തിലും വില്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ ഒഴിവാക്കിക്കൊണ്ട് അതിൽ പങ്കെടുക്കുന്നവർ തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുക;

(v) ഈ ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരെ സഹായിക്കുക;

(vi) സർക്കാർ, വിജ്ഞാപനത്താൽ നിശ്ചയിക്കുന്ന യൂസർ ഫീസ് ഉപയോക്താക്കളിൽ നിന്ന് ഈടാക്കാൻ ഏർപ്പാടാക്കുക;

(vii) ഈടാക്കുന്ന ലേല കമ്മീഷൻ 4-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ പറയുന്ന അനുപാതത്തിൽ വിഭജിച്ച നൽകുക;

(viii) ലഭിക്കുന്ന യൂസർ ഫീസ്, ലേല കമ്മീഷൻ ഓഹരി തുക എന്നിവ ഹാർബറിന്റെ വികസനത്തിനും, നടത്തിപ്പിനും, മറ്റു പ്രവർത്തനങ്ങൾക്കുമായി ചെലവഴിക്കുക;

(ix) ഹാർബറിന്റെ നടത്തിപ്പ്, പരിപാലനം, നിരീക്ഷണം എന്നിവ നിർവ്വഹിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിക്കുക;

(x) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു അധികാരങ്ങളും കടമകളും ചുമതലകളും നിറവേറ്റുക.

11. <u>മത്സ്യ മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയുടെ രൂപീകരണം.</u>—(1) പൊതു ഉടമസ്ഥതയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലോ പ്രവർത്തിക്കുന്ന ഓരോ മത്സ്യ മാർക്കറ്റിന്റെയും ശരിയായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി മത്സ്യ മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി, സർക്കാരിന്, വിജ്ഞാപനത്താൽ രൂപീകരിക്കാവുന്നതാണ്, അതിൽ താഴെപ്പറയുന്ന അംഗങ്ങളുമായിരിക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| (i) ആ പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പാലിറ്റി ചെയർമാൻ/മുനിസിപ്പൽ കോർപ്പറേഷൻ ഡിവിഷൻ മെമ്പർ | - | അദ്ധ്യക്ഷൻ |
| (ii) ആ പ്രദേശം അധികാര പരിധിയിൽ വരുന്ന മത്സ്യഭവന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ | - | മെമ്പർ സെക്രട്ടറി |
| (iii) ഭക്ഷ്യ സുരക്ഷാ ഓഫീസർ | - | അംഗം. |
| (iv) മത്സ്യ ഫെഡ് പ്രോജക്ട് ഓഫീസർ | - | അംഗം |
| (v) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ/മുനിസിപ്പാലിറ്റി ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (മുനിസിപ്പൽ കോർപ്പറേഷന് ബാധകമല്ല) | - | അംഗം |
| (vi) വിപണന കേന്ദ്രം സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി വാർഡിലെ മെമ്പർ (മുനിസിപ്പൽ കോർപ്പറേഷന് ബാധകമല്ല) | - | അംഗം |

(vii) മത്സ്യ അനുബന്ധത്തൊഴിലാളികളുടെ അംഗീകൃത ട്രേഡ് യൂണിയനുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് പ്രതിനിധികൾ - അംഗം

(viii) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി - അംഗം.

(2) (1)-ാം ഉപവകുപ്പിലെ (i), (ii), (iii), (iv) എന്നീ ഇനങ്ങൾ പ്രകാരം ഔദ്യോഗിക സ്ഥാനം വഹിക്കുന്നതുവഴി അംഗങ്ങളാകുന്നവരുടെ കാലാവധി, അവർ അത്തരത്തിലുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്ന കാലത്തോളം ആയിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലെ (v), (vi) എന്നീ ഇനങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്നവരുടെ കാലാവധി, അവർ അങ്ങനെയുള്ള സ്ഥാനത്ത് തുടരുന്ന കാലം വരെയോ, അവർ അങ്ങനെ വഹിക്കുന്ന സ്ഥാനത്തേക്ക് പുതിയ തെരഞ്ഞെടുപ്പ് വിജ്ഞാപനം ഉണ്ടാകുന്ന കാലം വരെയോ ആയിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിലെ (vii), (viii) എന്നീ ഇനങ്ങൾ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട/നാമനിർദ്ദേശം ചെയ്യപ്പെട്ട പ്രതിനിധികളുടെ കാലാവധി, വിജ്ഞാപനം പ്രസിദ്ധീകരിക്കപ്പെടുന്ന തീയതി മുതൽ അഞ്ച് വർഷമായിരിക്കും.

(5) (1)-ാം ഉപവകുപ്പിലെ (vii), (viii) എന്നീ ഇനങ്ങൾ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട/നാമനിർദ്ദേശം ചെയ്യപ്പെട്ട അനൗദ്യോഗിക അംഗത്തിന് സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജി വയ്ക്കാവുന്നതും, എന്നാൽ സർക്കാർ രാജി സ്വീകരിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതുമാണ്.

(6) തെരഞ്ഞെടുക്കപ്പെടുന്ന/നാമനിർദ്ദേശം ചെയ്യപ്പെടുന്ന അനൗദ്യോഗിക അംഗത്തിന്റെ ഇടക്കാല ഒഴിവോ ആകസ്മിക ഒഴിവോ മൂന്നു മാസത്തിനകം നികത്തേണ്ടതും അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന/നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗത്തിന്റെ കാലാവധി സ്ഥാനം ഒഴിഞ്ഞ അംഗത്തിന്റെ ശേഷിക്കുന്ന കാലയളവിലേക്ക് മാത്രമായിരിക്കുന്നതുമാണ്.

(7) സർക്കാർ, തിരഞ്ഞെടുക്കപ്പെടുന്നതോ നാമനിർദ്ദേശം ചെയ്യപ്പെടുന്നതോ ആയ ഏതൊരംഗത്തെയും, അയാൾ,—

(എ) ബുദ്ധിസ്ഥിരതയില്ലാത്ത ആളായിത്തീരുകയും അധികാരിതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ;

(ബി) ഒരു കോടതിയാൽ അവിമുക്ത നിർദ്ധനനായി വിധിക്കപ്പെടുകയോ;

(സി) ശാരീരികമോ മാനസികമോ ആയ വൈകല്യത്താൽ അപ്രകാരം തുടരുവാൻ കഴിയാതെ വരികയോ;

(ഡി) സർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്നതോ അല്ലെങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെടുന്നതോ ആയ ഒരു കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ,

ചെയ്യുന്നപക്ഷം ഔദ്യോഗിക സ്ഥാനത്തുനിന്ന് നീക്കം ചെയ്യേണ്ടതാണ്.

12. <u>മത്സ്യമാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും</u>.—ഈ ആക്ടിലെ 11-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന മത്സ്യമാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(i) മാർക്കറ്റിന്റെ അടിസ്ഥാന ഭൗതികസൗകര്യ വികസന പ്രവർത്തനവും മറ്റു പ്രവൃത്തികളും ആവിഷ്ക്കരിക്കൽ, പദ്ധതികൾ രൂപവത്ക്കരിക്കൽ എന്നിവയിൽ ഏർപ്പെടുക;

(ii) മത്സ്യലേലം, വിൽപ്പന, ഗുണനിലവാരം എന്നിവ ഈ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണെന്ന് ഉറപ്പ് വരുത്തുക;

(iii) എല്ലാ തല്പരകക്ഷികൾക്കും ഈ ആക്ടിലെ വ്യവസ്ഥകളെക്കുറിച്ച് ബോധവൽക്കരണം നല്കുക;

(iv) മാർക്കറ്റിൽ മത്സ്യലേലത്തിലും വില്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ ഒഴിവാക്കിക്കൊണ്ട് അതിൽ പങ്കെടുക്കുന്നവർ തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുക;

(v) ഈ ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരെ സഹായിക്കുക;

(vi) ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ നിശ്ചയിക്കുന്ന യൂസർ ഫീസ് ഉപയോക്താക്കളിൽ നിന്നും ഈടാക്കാൻ ഏർപ്പാടാക്കുക;

(vii) ലഭിക്കുന്ന യൂസർ ഫീസ്, ലേല കമ്മീഷൻ ഓഹരി തുക എന്നിവ മാർക്കറ്റിന്റെ വികസനത്തിനും നടത്തിപ്പിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ചെലവഴിക്കുക;

(viii) മാർക്കറ്റിന്റെ നടത്തിപ്പ്, പരിപാലനം, നിരീക്ഷണം എന്നിവ നിർവ്വഹിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിക്കുക;

(ix) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങളും കടമകളും ചുമതലകളും നിറവേറ്റുക.

13. <u>ഐസ്പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം, പരിവഹന സൗകര്യം എന്നിവ വ്യവസ്ഥപ്പെടുത്തൽ</u>.—(1) ഈ ആക്ടിലെ 14-ാം വകുപ്പ് പ്രകാരം അനുമതിപത്രം നേടാത്ത ഐസ്പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം, പരിവഹന സൗകര്യം എന്നിവയുടെ പ്രവർത്തനം, സർക്കാരിന്, വിജ്ഞാപനം വഴി നിരോധിക്കാവുന്നതാണ്.

(2) (1)-ാം ഉപ വകുപ്പ് പ്രകാരമുള്ള നിരോധനം ലംഘിക്കുന്ന ഏതൊരാളും ഈ ആക്ടിലെ 29-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടുന്നതാണ്.

14. <u>ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം, പരിവഹന സൗകര്യം എന്നിവയ്ക്കുള്ള അനുമതി പത്രം</u>.—

(1) ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം, പരിവഹന സൗകര്യം എന്നിവ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിപത്രം ലഭിക്കുന്നതിന് ഉദ്ദേശിക്കുന്ന ഏതൊരാളും ആ പ്രദേശത്തേക്ക് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ നിർണ്ണയിക്കപ്പെട്ട പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ നിർണ്ണയിക്കപ്പെട്ട പ്രകാരം അങ്ങനെയുള്ള ഫാറത്തിലും അപ്രകാരം ഫീസ് ഒടുക്കിയും 2006-ലെ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കരസ്ഥമാക്കിയ ലൈസൻസിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്തും ആയിരിക്കണം.

(3) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ (1)-ാം ഉപവകുപ്പ് പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള യോഗ്യതയുടെ അടിസ്ഥാനത്തിൽ മുപ്പത് ദിവസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ അനുമതിപത്രം അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(4) അനുമതിപത്രം നിരസിക്കുകയാണെങ്കിൽ ആയതിനുള്ള കാരണം സഹിതം പ്രസ്തുത വിവരം അപേക്ഷ സ്വീകരിച്ച് മുപ്പത് ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(5) തടഞ്ഞു വയ്ക്കപ്പെടുകയോ റദ്ദാക്കുകയോ ചെയ്യാത്തപക്ഷം ഈ വകുപ്പ് പ്രകാരം അനുവദിച്ച അനുമതിപത്രത്തിന് മൂന്ന് വർഷം വരെ കാലാവധി യുണ്ടായിരിക്കുന്നതാണ്.

(6) ഈ വകുപ്പ് പ്രകാരം നേടിയ അനുമതിപത്രം നടപടിക്രമങ്ങൾ പാലിച്ചും നിർണ്ണയിക്കപ്പെട്ട ഫീസടച്ചും പുതുക്കാവുന്നതാണ്.

15. <u>മത്സ്യ ഗുണനിലവാര പരിപാലനം വ്യവസ്ഥപ്പെടുത്തൽ</u>.—(1) മത്സ്യം കൈകാര്യം ചെയ്യുന്ന യാനം, ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, കച്ചവട കേന്ദ്രം, ചിൽഡ് സ്റ്റോറേജ്, ഐസ്പ്ലാന്റ്, പൂർവ്വസംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം, പരിവഹന സൗകര്യം, കണ്ടെയ്നർ എന്നിവയുടെ ഉടമസ്ഥർ അല്ലെങ്കിൽ കൈവശക്കാർ 2006-ലെ ഭക്ഷ്യസുരക്ഷാ ആക്ടിലെ വ്യവസ്ഥകളോടൊപ്പം മത്സ്യ ഗുണനിലവാര പരിപാലനം, ശുചിത്വം എന്നിവയ്ക്കായി, സർക്കാർ, വിജ്ഞാപനത്താൽ നിശ്ചയിക്കുന്ന മറ്റു മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ, ആയതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന തരത്തിൽ യാതൊരാളും യാതൊരു പ്രവൃത്തിയിലും ഏർപ്പെടാൻ പാടില്ലാത്തതാണ്.

(3) ഒരാൾ നേരിട്ടോ മറ്റൊരാളുടെ പ്രേരണയാലോ മത്സ്യത്തിൽ വിഷവസ്തുക്കൾ ചേർത്ത് മത്സ്യം ഭക്ഷ്യയോഗ്യമല്ലാതാക്കുകയോ ഗുണനിലവാരമില്ലാതാക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിക്കാതെ മത്സ്യം, മത്സ്യോല്പന്നം എന്നിവയുടെ ലേലം, വിപണനം, പരിവഹനം, വിതരണം എന്നിവയിൽ യാതൊരാളും ഏർപ്പെടാൻ പാടില്ലാത്തതാകുന്നു.

(5) ഈ വകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളെയും ഈ ആക്ടിലെ 30-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയനാക്കേണ്ടതാണ്.

16. <u>സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റിയുടെ രൂപീകരണം</u>.— ഈ ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനുവേണ്ടി ഒരു സംസ്ഥാനതല മത്സ്യഗുണനിലവാര പരിപാലന കമ്മിറ്റി സർക്കാരിന്, വിജ്ഞാപനത്താൽ രൂപീകരിക്കാവുന്നതും ആയതിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്, അതായത് :—

| | | | |
|---|---|---|---|
| (i) | ഫിഷറീസ് ഡയറക്ടർ | - | അദ്ധ്യക്ഷൻ |
| (ii) | ഭക്ഷ്യസുരക്ഷ കമ്മീഷണർ | - | അംഗം |
| (iii) | ആരോഗ്യവകുപ്പ് ഡയറക്ടർ | - | അംഗം |
| (iv) | പഞ്ചായത്ത് വകുപ്പ് ഡയറക്ടർ | - | അംഗം |
| (v) | ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | - | അംഗം |
| (vi) | സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു പ്രതിനിധി | - | അംഗം |
| (vii) | ഫിഷറീസ് ജോയിന്റ് ഡയറക്ടർ | - | മെമ്പർ സെക്രട്ടറി |

17. സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.—16-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(i) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് ആവശ്യമായ സാങ്കേതിക ഉപദേശവും ശുപാർശയും നൽകുക ;

(ii) മത്സ്യ ഉപഭോക്താക്കൾക്ക് ഗുണനിലവാരത്തെക്കുറിച്ച് ബോധവത്ക്കരണം നൽകുക ;

(iii) മത്സ്യോല്പന്നങ്ങൾക്ക് ഗുണനിലവാര സർട്ടിഫിക്കറ്റ് നൽകുന്നതിലേക്കായി വിജ്ഞാപനം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്ക് സാങ്കേതിക സഹായം നൽകുക ;

(iv) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള പരിശോധനകൾ നടത്തുന്നതിന് ലബോറട്ടറികൾക്ക് അംഗീകാരം നൽകുക ;

(v) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു കാര്യങ്ങൾ നിർവ്വഹിക്കുക.

18. ഇനം, വലിപ്പം എന്നിവ അടിസ്ഥാനമാക്കി മത്സ്യങ്ങളുടെ ലേലം, വിപണനം മുതലായവ നിയന്ത്രിക്കൽ.—(1) പ്രത്യേക ഇനത്തിലോ പ്രത്യേക വലിപ്പത്തിലോ ഉള്ള മത്സ്യത്തിന്റെ ലേലം, വിപണനം, പരിവഹനം, വിതരണം എന്നിവയ്ക്കുള്ള നിയന്ത്രണമോ നിരോധനമോ സർക്കാരിന്, വിജ്ഞാപനത്തിലൂടെ, ഏർപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണമോ നിരോധനമോ ലംഘിക്കുന്ന ഏതൊരാളേയും ഈ ആക്റ്റിലെ 29-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടേണ്ടതാണ്.

19. മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കൽ.—മത്സ്യ ഇനങ്ങളേയും, ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവയേയും അടിസ്ഥാനമാക്കി, സർക്കാരിന്, മത്സ്യത്തിന്റെ അടിസ്ഥാനവില കാലാകാലങ്ങളിൽ നിശ്ചയിച്ച് വിജ്ഞാപനം ചെയ്യാവുന്നതാണ്.

20. മത്സ്യബന്ധനം നടത്തി സ്വായത്തമാക്കിയ മത്സ്യത്തിന്റെ സാക്ഷ്യപ്പെടുത്തൽ.—(1) മത്സ്യബന്ധനം കഴിഞ്ഞയുടൻ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അപേക്ഷ സമർപ്പിച്ചാൽ, മത്സ്യബന്ധനം നടത്തി സ്വായത്തമാക്കിയ മത്സ്യം നിയമ വിധേയമായി പിടിച്ചെടുത്തതാണെന്ന് ഉപഭോക്താവിന് ബോധ്യപ്പെടുന്ന വിധത്തിൽ മത്സ്യത്തിന്റെ ഉറവിടം, പിടിച്ചെടുത്ത മാർഗ്ഗം മുതലായ വിവരങ്ങൾ അടങ്ങിയ സാക്ഷ്യപത്രം യാന ഉടമസ്ഥ് നേടാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സാക്ഷ്യപത്രം, സർക്കാർ വിജ്ഞാപനത്തിലൂടെ അധികാരപ്പെടുത്തുന്ന ഫിഷറീസ് വകുപ്പിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ, നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾ പാലിച്ച് നൽകേണ്ടതാണ്.

21. മത്സ്യോൽപ്പന്നത്തിന്റെ സാക്ഷ്യപ്പെടുത്തൽ.—(1) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അപേക്ഷ സമർപ്പിക്കുമ്പോൾ, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഉപഭോക്താക്കളുടെ താൽപര്യം സംരക്ഷിക്കുന്നതിനും മത്സ്യ ഉല്പന്നത്തിന്റെ ഗുണനിലവാര സാക്ഷ്യപത്രം നേടാൻ ഉൽപ്പാദകന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) ഓരോ തരം മത്സ്യ ഉൽപ്പന്നത്തിന്റെയും ഗുണനിലവാരം, 16-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി പ്രത്യേകമായി നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(3) സർക്കാർ വിജ്ഞാപനത്താൽ അധികാരപ്പെടുത്തുന്ന ഫിഷറീസ് വകുപ്പിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സാക്ഷ്യപത്രം നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾ പാലിച്ച് നൽകേണ്ടതാണ്.

22. അനുമതിപത്രമുടമയുടെ റിട്ടേൺ സമർപ്പിക്കൽ.—(1) ഐസ്പ്ലാന്റ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം എന്നിവയുടെ അനുമതിപത്രം നേടിയ ഉടമസ്ഥർ അല്ലെങ്കിൽ കൈവശക്കാരൻ, ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവിടങ്ങളിലെ അനുമതിപത്രം നേടിയ ലേലക്കാരൻ എന്നിവർ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഒരു റിട്ടേൺ നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.

(2) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ റിട്ടേണുകൾ പരിശോധിച്ച് അവയുടെ കൃത്യതയും വ്യക്തതയും ഉറപ്പുവരുത്തേണ്ടതാണ്.

(3) റിട്ടേണുകളുടെ കൃത്യത ഉറപ്പാക്കുന്നതിനുവേണ്ടി അനുമതിപത്രം ലഭിച്ചിട്ടുള്ള ആളിനോട് അതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിനുള്ള അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ആവശ്യപ്പെടാവുന്നതാണ്.

(4) റിട്ടേണുകളുടെ കൃത്യത ഉറപ്പാക്കുന്നതിനുവേണ്ടി, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന രേഖകൾ ഹാജരാക്കുന്നതിനുള്ള ഉത്തരവാദിത്വം അനുമതിപത്രം നേടിയ ആളിനുണ്ടായിരിക്കുന്നതാണ്.

(5) ഈ വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ഈ ആക്ടിലെ 29-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടുന്നതാണ്.

23. <u>അനുമതിപത്രം റദ്ദാക്കൽ, തടഞ്ഞു വയ്ക്കൽ, ഭേദഗതി ചെയ്യൽ.</u>—(1) 5, 14 എന്നീ വകുപ്പുകൾ പ്രകാരം അനുവദിച്ച അനുമതിപത്രം ബന്ധപ്പെട്ട വിഷയത്തെ സംബന്ധിച്ച് തെറ്റായ വിവരങ്ങൾ നൽകി നേടിയതാണെങ്കിലോ അനുമതിപത്രമുടമ ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളോ അതിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളോ വിജ്ഞാപനമോ ഉത്തരവുകളോ ലംഘിക്കുകയോ ചെയ്യുകയാണെങ്കിലോ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് അങ്ങനെയുള്ള അനുമതിപത്രം റദ്ദാക്കുന്നതിനോ, തടഞ്ഞുവയ്ക്കുന്നതിനോ, ഭേദഗതി ചെയ്യുന്നതിനോ സെക്യൂരിറ്റി തുക പൂർണ്ണമായോ ഭാഗികമായോ വസൂലാക്കുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, അപ്രകാരം നടപടി സ്വീകരിക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട വ്യക്തിക്ക് അല്ലെങ്കിൽ ഉടമസ്ഥ് പറയാനുള്ളത് പറയുവാൻ അവസരം നൽകാതെ അനുമതിപത്രം റദ്ദാക്കുവാനോ, തടഞ്ഞുവയ്ക്കുവാനോ, ഭേദഗതി ചെയ്യുവാനോ സെക്യൂരിറ്റി തുക പൂർണ്ണമായോ ഭാഗികമായോ വസൂലാക്കുവാനോ പാടുള്ളതല്ല.

24. <u>അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.</u>—ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുമായി ആ പ്രദേശത്ത് അധികാരിതയുള്ള മത്സ്യബന്ധന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയി, സർക്കാരിന്, വിജ്ഞാപനത്താൽ അധികാരപ്പെടുത്താവുന്നതാണ്.

25. <u>പരിശോധന, പിടിച്ചെടുക്കൽ, തീർപ്പാക്കൽ എന്നിവയ്ക്കുള്ള അധികാരം.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി, ഫിഷറീസ് സയൻസിൽ പ്രൊഫഷണൽ ഡിഗ്രി, ഇൻഡസ്ട്രിയൽ ഫിഷറീസിൽ ബിരുദാനന്തര ബിരുദം, നിർണ്ണയിക്കപ്പെടാവുന്ന പ്രത്യേക പരിശീലനം എന്നിവയിൽ ഏതെങ്കിലും ഒന്നിൽ യോഗ്യത നേടിയ ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ പരിശോധന ഉദ്യോഗസ്ഥൻ ആയി, സർക്കാരിന്, വിജ്ഞാപനം വഴി അധികാരപ്പെടുത്താവുന്നതാണ്.

(2) ഈ ആക്റ്റിലെ 13, 18 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതായോ, കൈകാര്യം ചെയ്യപ്പെടുന്ന മത്സ്യം ചീഞ്ഞതാണെന്നോ, രോഗാണുക്കളടങ്ങിയതാണെന്നോ, രാസവസ്തു ചേർത്തതാണെന്നോ ഗുണനിലവാരം കുറഞ്ഞതാണെന്നോ ബോധ്യപ്പെടുന്നപക്ഷം, ഏതൊരു യാനം, ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, ചിൽഡ് സ്റ്റോറേജ്, ഐസ്പ്ലാന്റ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം, മത്സ്യപരിവഹന സൗകര്യം, കണ്ടെയ്നർ എന്നിവയും അതുമായി ബന്ധപ്പെട്ട വസ്തുക്കളും പരിശോധിക്കുന്നതിനുള്ള അധികാരം പരിശോധന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

(3) (2)-ാം ഉപ വകുപ്പ് പ്രകാരം പരിശോധന നടത്തിയ ഇടങ്ങൾ ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ചല്ല പ്രവർത്തിക്കുന്നതെങ്കിൽ, ആയത് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ നിർത്തിവയ്ക്കുന്നതിനും അടച്ചുപൂട്ടുന്നതിനും ബന്ധപ്പെട്ട വ്യക്തിക്ക് അല്ലെങ്കിൽ സ്ഥാപനത്തിന് പരിശോധന ഉദ്യോഗസ്ഥൻ നിർദ്ദേശം നൽകേണ്ടതാണ്.

(4) ചീഞ്ഞതോ രോഗാണുക്കളടങ്ങിയതോ രാസവസ്തു ചേർത്തതോ, താഴ്ന്ന നിലവാരത്തിലുള്ളതോ ആയ മത്സ്യം പരിശോധനയിൽ കണ്ടെത്തിയാൽ ആയത് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പിടിച്ചെടുക്കുന്നതിനും നശിപ്പിക്കുന്നതിനും പരിശോധന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ പിടിച്ചെടുത്തതിന്റെ/നശിപ്പിച്ചതിന്റെ കാരണം ബന്ധപ്പെട്ട വ്യക്തിക്ക് അല്ലെങ്കിൽ സ്ഥാപനത്തിന് രേഖാമൂലം നൽകേണ്ടതാണ്.

(5) (3), (4) എന്നീ ഉപ വകുപ്പുകൾ പ്രകാരം നടപടിയെടുത്തശേഷം പരിശോധന ഉദ്യോഗസ്ഥൻ ആയതിന്റെ വിശദവിവരങ്ങൾ ന്യായനിർണ്ണയ ഓഫീസർക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

26. <u>ന്യായനിർണ്ണയം</u>.—(1) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുമായി ആ ജില്ലയിൽ അധികാരിതയുള്ള, മത്സ്യബന്ധന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ ആയി സർക്കാരിന്, വിജ്ഞാപനത്താൽ നിശ്ചയിക്കാവുന്നതാണ്.

(2) 25-ാം വകുപ്പിലെ (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിപ്പോർട്ട് പരിശോധനാ ഉദ്യോഗസ്ഥനിൽ നിന്നും ന്യായനിർണ്ണയ ഉദ്യോഗസ്ഥന് ലഭിച്ചാൽ, പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും നൽകിയതിന് ശേഷം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളെപ്പറ്റി, ആവശ്യമെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ ഒരു അന്വേഷണം നടത്തേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അന്വേഷണത്തിൽ ഒരു വ്യക്തി 13, 18 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിച്ചുവെന്നോ, കൈകാര്യം ചെയ്യുന്ന മത്സ്യം ചീഞ്ഞതാണെന്നോ, രോഗാണുക്കൾ അടങ്ങിയതാണെന്നോ, രാസവസ്തു ചേർത്തതാണെന്നോ, ഗുണനിലവാരം കുറഞ്ഞതാണെന്നോ ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ കണ്ടെത്തിയാൽ ആ വ്യക്തി ഈ ആക്റ്റിലെ 29-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടുന്നതാണ്.

27. <u>അപ്പീൽ</u>.—(1) ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഒരു ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ആ ഉത്തരവിന്റെ തീയതി മുതൽ മുപ്പത്

ദിവസത്തിനകം ആ സ്ഥലത്തെ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. അതിന്മേൽ അപ്പീൽ അധികാരി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിനെതിരായി അപ്പീൽ സമർപ്പിക്കപ്പെടുമ്പോൾ പിഴശിക്ഷ തുക പൂർണ്ണമായും കെട്ടിവയ്ക്കേണ്ടതും അല്ലാത്തപക്ഷം അപ്പീൽ അധികാരി സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നു.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീൽ സ്വീകരിച്ച് കഴിഞ്ഞാൽ അപ്പീൽ അധികാരി ഇക്കാര്യത്തിൽ ഒരു അന്വേഷണം നടത്തി അപ്പീൽ ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനകം അന്തിമമായി തീർപ്പാക്കേണ്ടതാണ്.

(4) അങ്ങനെയുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതുവരെ ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഉത്തരവിനെ തുടർന്നുള്ള നടപടികൾ അപ്പീൽ അധികാരിക്ക് നിർത്തിവയ്ക്കാവുന്നതാണ്.

28. <u>ഈ ആക്റ്റ് പ്രകാരം അന്വേഷണം നടത്തുന്നതിന് ന്യായനിർണ്ണയ ഉദ്യോഗസ്ഥനും അപ്പീൽ അധികാരിക്കുമുള്ള അധികാരം.</u>—(1) ഈ ആക്റ്റിൻ കീഴിലെ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ, അപ്പീൽ അധികാരി എന്നിവർക്ക് 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഏതൊരാളെയും വിളിച്ചുവരുത്തുന്നതിനും സത്യപ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുകയും ചെയ്യുക;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക;

(ഡി) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതു രേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റേതെങ്കിലും സംഗതികൾ.

(2) ന്യായനിർണ്ണയ ഉദ്യോഗസ്ഥനോ അപ്പീൽ അധികാരിയോ ഈ ആക്റ്റ് പ്രകാരം വിനിയോഗിക്കുന്ന അധികാരങ്ങൾ സിവിൽ കോടതിക്ക് തുല്യമായി കരുതേണ്ടതും, ആയത് 1973-ലെ ക്രിമിനൽ നടപടി സംഹിതയിലെ 345, 346 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

29. <u>പിഴശിക്ഷ</u>.—(1) ഈ ആക്ടിലെ 13, 18 എന്നീ വകുപ്പുകളിലെ ഏതെങ്കിലും വ്യവസ്ഥകളോ അനുമതിപത്രത്തിലെ ഏതെങ്കിലും നിബന്ധനകളോ ലംഘിക്കുന്നവർക്കെതിരെയോ, ചീഞ്ഞതോ, രോഗാണുക്കൾ അടങ്ങിയതോ, രാസവസ്തുക്കൾ ചേർത്തതോ, ഗുണനിലവാരം കുറഞ്ഞതോ ആയ മത്സ്യം കൈകാര്യം ചെയ്യുന്നവർക്കെതിരെയോ അയാൾ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്നപക്ഷം ന്യായ നിർണ്ണയ ഉദ്യോഗസ്ഥന് താഴെപ്പറയുന്ന തുകയിൽ കവിയാത്ത തുക പിഴശിക്ഷയായി ചുമത്താവുന്നതാണ്,—

(എ) ആദ്യ പ്രാവശ്യത്തെ ഏതെങ്കിലും നിയമ ലംഘനത്തിന് പതിനായിരം രൂപ;

(ബി) രണ്ടാമത്തെ പ്രാവശ്യത്തെ ഏതെങ്കിലും നിയമ ലംഘനത്തിന് ഇരുപത്തി അയ്യായിരം രൂപ;

(സി) മൂന്നും അതിൽ കൂടുതലും പ്രാവശ്യത്തെ ഏതെങ്കിലും നിയമ ലംഘനത്തിന് ഒരു ലക്ഷം രൂപ.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പിഴ ശിക്ഷയ്ക്ക് പുറമെ ന്യായനിർണ്ണയ ഉദ്യോഗസ്ഥന്, അനുമതിപത്രം തടഞ്ഞുവയ്ക്കുകയോ റദ്ദുചെയ്യുകയോ ചെയ്യാവുന്നതാണ്.

30. <u>കുറ്റകൃത്യത്തിനുള്ള വിചാരണ</u>.—(1) 4, 15 എന്നീ വകുപ്പുകളോ അവയുടെ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളോ ലംഘിക്കുന്നവർക്കെതിരെ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ വിചാരണ നടത്തേണ്ടതാണ്.

(2) ഈ ആക്ടിലെ 4, 15 എന്നീ വകുപ്പുകളിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്നവർ, അയാൾ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്നപക്ഷം താഴെ പറയുന്നതിൽ കൂടാത്ത ശിക്ഷയ്ക്ക് അർഹനായിരിക്കുന്നതാണ്, അതായത് :—

(എ) ആദ്യത്തെ പ്രാവശ്യത്തെ ഏതെങ്കിലും ഒന്നോ അതിലധികമോ കുറ്റകൃത്യത്തിന് രണ്ടുമാസം ജയിൽ വാസമോ ഒരു ലക്ഷം രൂപയോ ഇവ രണ്ടും കൂടിയോ;

(ബി) രണ്ടാമത്തെ പ്രാവശ്യത്തെ ഏതെങ്കിലും ഒന്നോ അതിലധികമോ കുറ്റ കൃത്യത്തിന് ഒരു വർഷം ജയിൽ വാസമോ മൂന്ന് ലക്ഷം രൂപയോ ഇവ രണ്ടും കൂടിയോ;

(സി) രണ്ടിൽ കൂടുതൽ തവണ ഏതെങ്കിലും ഒന്നോ അതിലധികമോ കുറ്റകൃത്യം ചെയ്താൽ ഒരു വർഷം ജയിൽ വാസമോ അഞ്ചു ലക്ഷം രൂപയോ ഇവ രണ്ടും കൂടിയോ;

(ഡി) ഈ ആക്ട് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളുടെയോ വിജ്ഞാപനങ്ങളുടെയോ ഉത്തരവുകളുടെയോ ലംഘനം നടത്തിയവർക്കെതിരെയോ, ലംഘനം നടത്താൻ ശ്രമിക്കുന്നവർക്കെതിരെയോ, അവർക്ക് ലഭിച്ചേക്കാവുന്ന മറ്റുപിഴകളെക്കുറിച്ചുള്ള മുൻവിധിയില്ലാതെ, കുറ്റം തെളിയിക്കപ്പെടുന്നപക്ഷം ശിക്ഷ നടപ്പിലാക്കാവുന്നതാണ്.

(3). (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ശിക്ഷയ്ക്ക് പുറമെ യോഗ്യതയുണ്ടെന്ന് കണ്ടെത്തുന്നതുവരെയുള്ള കാലം വരെ, നൽകപ്പെട്ട അനുമതിപത്രം തടഞ്ഞുവയ്ക്കുകയോ, റദ്ദ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

(4) ഈ ആക്ടിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകളോ അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഏതെങ്കിലും വിജ്ഞാപനമോ ഉത്തരവോ ലംഘിക്കുന്നവർ, ഒരു സംഘടനയോ, ഒരു സഹകരണ സംഘമോ, ഒരു കോർപ്പറേഷനോ, ഒരു ബോഡി കോർപ്പറേറ്റോ, ഒരു ഡയറക്ടറോ, ഒരു മാനേജരോ, ഒരു ഓഫീസറോ, ഒരു ഏജന്റോ, ആരു തന്നെയായാലും, കുറ്റകൃത്യ നിർവ്വഹണ വേളയിൽ ആ സ്ഥാനം വഹിച്ചിരുന്ന വ്യക്തി അങ്ങനെയുള്ള നിയമ ലംഘനം നടത്തിയതായി കരുതപ്പെടേണ്ടതാണ്.

(5) ഈ ആക്ടിലെ വ്യവസ്ഥകളോ അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളോ വിജ്ഞാപനമോ ഉത്തരവോ ലംഘിക്കുകയോ അതിനുള്ള പ്രേരണ നൽകിയതോ ആയ ഏതൊരാളേയും കുറ്റവാളിയായി പരിഗണിച്ച് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

31. <u>ഉത്തമ വിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം</u>.—(1) ഈ ആക്ടിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥ അനുസരിച്ച് ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ യാതൊരു കാര്യത്തിനും സർക്കാരിനോ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാര സ്ഥാപനത്തിനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്ടോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ അനുസരിച്ച് ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ പ്രവൃത്തിമൂലം സംഭവിച്ചതോ സംഭവിക്കാനിടയുള്ളതോ ആയ ഏതെങ്കിലും നഷ്ടത്തിന്റെ പേരിൽ സർക്കാരിനോ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാര സ്ഥാനത്തിനോ എതിരായി യാതൊരു വ്യവഹാരമോ നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

32. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം, ഈ ആക്ടിലെ എല്ലാമോ ഏതെങ്കിലുമോ ഉദ്ദേശ്യം നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭാ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ ആ ചട്ടത്തിൽ

എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനു ശേഷം, അതത് സംഗതി പോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതായിത്തീരുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ട പ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഫിഷ് ലാന്റിംഗ് സെന്റർ, ഫിഷിംഗ് ഹാർബർ, ഫിഷ് മാർക്കറ്റ് എന്നിവിടങ്ങളിൽ മത്സ്യലേലം ഏർപ്പെടുന്നതിനായി നിയന്ത്രണങ്ങൾ ഇല്ലാത്തതിനാൽ മത്സ്യത്തൊഴിലാളികളിൽ നിന്നും ഭീമമായ തുക കമ്മീഷൻ ഇനമായി ലേലക്കാർ പിരിച്ചുവരുന്നു. ഇത് പലപ്പോഴും ക്രമസമാധാനപ്രശ്നങ്ങൾ സൃഷ്ടിച്ചുവരുന്നു. ആയതിനാൽ മത്സ്യലേലവും അവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ക്രമപ്പെടുത്തേണ്ടതുണ്ട്.

2. ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മാനേജിംഗ് സെന്ററുകൾ എന്നിവയുടെ നടത്തിപ്പിനും പരിപാലനത്തിനും നിലവിലെ സംവിധാനങ്ങൾ ഒട്ടും പര്യാപ്തമല്ല. ആയതിനാൽ വ്യവസ്ഥാപിതവും സുസജ്ജവുമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

3. മത്സ്യം, മത്സ്യോൽപ്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാരം, മത്സ്യം പിടിച്ചെടുക്കുന്ന യാനം മുതൽ ഉപഭോക്താവിന്റെ കരങ്ങളിലെത്തുന്നതുവരെ ശാസ്ത്രീയമായി നിലനിർത്തപ്പെടേണ്ടതുണ്ട്. മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ നടപടികൾ ഏർപ്പെടുത്തേണ്ടതുണ്ട്.

4. മത്സ്യവിപണനം ശുചിത്വപൂർണ്ണമായ സാഹചര്യത്തിലും രീതിയിലും നടപ്പിലാക്കുന്നതിനുള്ള സംവിധാനം ക്രമപ്പെടുത്തേണ്ടതുണ്ട്.

5. കടലിൽ നിന്നും പിടിച്ചെടുക്കുന്ന മത്സ്യത്തിന് മത്സ്യത്തൊഴിലാളിക്ക് ന്യായമായ വില ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

6. മത്സ്യലേലം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ മത്സ്യലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി ഒരു നിയമനിർമ്മാണം നടത്തുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി.

7. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

2018-ലെ കേരള മത്സ്യലേലം വിപണനം ഗുണനിലവാര പരിപാലന ബില്ലിലെ 7, 9, 11, എന്നീ ഖണ്ഡങ്ങൾ പ്രകാരം യഥാക്രമം രൂപീകൃതമാകുന്ന ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റി, ഹാർബർ മാനേജ്മെന്റ് സൊസൈറ്റി, മത്സ്യ മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി എന്നീ സൊസൈറ്റികളുടെ മീറ്റിംഗിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് സിറ്റിംഗ് ഫീസ് ഇനത്തിൽ പ്രതിവർഷം 25 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

പ്രസ്തുത സൊസൈറ്റികളിലെ അനൗദ്യോഗിക അംഗങ്ങൾക്ക് യാത്രാ ചെലവിനത്തിലും കമ്മിറ്റിയുടെ യോഗനടപടി ചെലവിനത്തിലും പ്രതിവർഷം 5 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

പ്രസ്തുത സൊസൈറ്റികളുടെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് പ്രതിവർഷം 15 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

5-ാം വകുപ്പ് പ്രകാരം ലേലക്കാരനുള്ള ലൈസൻസ്, 15-ാം വകുപ്പ് പ്രകാരം മത്സ്യ ഗുണനിലവാര പരിശോധന എന്നിവയും 16-ാം വകുപ്പ് പ്രകാരം രൂപീകൃതമാകുന്ന മത്സ്യഗുണനിലവാര കമ്മിറ്റിയുടെ യോഗ ചെലവിനത്തിലും ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് വരുന്ന മറ്റ് ചെലവുകൾ എന്നിവയ്ക്കായി പ്രതിവർഷം 20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

പ്രസ്തുത സൊസൈറ്റികളുടെ പരിപാലനത്തിനും നടത്തിപ്പിനുമായി ദിവസവേതനാടിസ്ഥാനത്തിൽ ആൾക്കാരെ നിയോഗിക്കുന്നത് സംബന്ധിച്ച് പ്രതിവർഷം 15 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

ലേല കമ്മീഷൻ വഴി വരുമാനം പ്രതീക്ഷിക്കുന്നതിനാൽ മേൽ ചെലവുകൾക്ക് തുക കണ്ടെത്താമെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

സർക്കാർ വിജ്ഞാപനം ചെയ്യുന്ന ലാന്റിംഗ് സെന്റർ , ഹാർബർ, മാർക്കറ്റ് എന്നിവയ്ക്ക് പുറത്ത് മത്സ്യലേലത്തിൽ താത്കാലികമായി ഏർപ്പെടുന്നതിനുള്ള അനുമതി പത്രം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ നല്കേണ്ട രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധന സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവിടങ്ങളിൽ മത്സ്യലേലം നിർവ്വഹിക്കുന്നതിനുവേണ്ടി അനുമതി പത്രം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ട രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 5-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. മത്സ്യലേലം നിർവ്വഹിക്കുന്നതിനുള്ള അനുമതിപത്രത്തിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ഒടുക്കേണ്ടതായ ഫീസ് നിർണ്ണയിക്കുവാൻ ബില്ലിലെ 5-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. മത്സ്യലേലം നിർവ്വഹിക്കുന്നതിനുള്ള അനുമതിപത്രം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കുവാൻ ബില്ലിലെ 5-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. മത്സ്യലേലം നിർവ്വഹിക്കുന്നതിനുള്ള അനുമതിപത്രത്തിന്റെ മാതൃക നിർണ്ണയിക്കുവാൻ ബില്ലിലെ 5-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. മത്സ്യലേലം നിർവ്വഹിക്കുന്നതായി ലഭിച്ച അനുമതിപത്രത്തിന്റെ കാലാവധി തീരുമ്പോൾ പുതുക്കുന്നതിനായി ഒടുക്കേണ്ട ഫീസ് നിർണ്ണയിക്കുവാൻ ബില്ലിലെ 5-ാം ഖണ്ഡം (8)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ലേലക്കാരൻ സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകളുടെയും കണക്കുകളുടെയും രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 6-ാം ഖണ്ഡം (v)-ാം ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റി നിർവ്വഹിക്കേണ്ട മറ്റ് അധികാരങ്ങളും കടമകളും ചുമതലകളും നിർണ്ണയിക്കുവാൻ 8-ാം ഖണ്ഡം (ix)-ാം ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ഹാർബർ മാനേജ്മെന്റ് സൊസൈറ്റി നിർവ്വഹിക്കേണ്ട മറ്റ് അധികാരങ്ങളും കടമകളും ചുമതലകളും നിർണ്ണയിക്കുവാൻ 10-ാം ഖണ്ഡം (x)-ാം ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. മത്സ്യ മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി നിർവ്വഹിക്കേണ്ട മറ്റ് അധികാരങ്ങളും കടമകളും ചുമതലകളും നിർണ്ണയിക്കുവാൻ 12-ാം ഖണ്ഡം (ix)-ാം ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

11. ഐസ് പ്ലാന്റ്/ചിൽഡ് സ്റ്റോറേജ്/പൂർവ്വ സംസ്കരണ കേന്ദ്രം/സംസ്കരണ കേന്ദ്രം/ പരിവഹന സൗകര്യം എന്നിവ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിപത്രം ലഭിക്കുന്നതിന് അപേക്ഷിക്കേണ്ട രീതി ബില്ലിലെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. ഐസ് പ്ലാന്റ്/ചിൽഡ് സ്റ്റോറേജ്/ പൂർവ്വ സംസ്കരണ കേന്ദ്രം/ സംസ്കരണ കേന്ദ്രം/ പരിവഹന സൗകര്യം എന്നിവ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിപത്രം ലഭിക്കുന്നതിന് സമർപ്പിക്കേണ്ട അപേക്ഷയുടെ ഫാറവും അതോടൊപ്പം ഒടുക്കേണ്ടതായ ഫീസും നിർണ്ണയിക്കുവാൻ ബില്ലിലെ 14-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

13. ഐസ് പ്ലാന്റ്/ചിൽഡ് സ്റ്റോറേജ്/ പൂർവ്വ സംസ്കരണ കേന്ദ്രം/ സംസ്കരണ കേന്ദ്രം/ പരിവഹന സൗകര്യം എന്നിവയ്ക്കുള്ള അനുമതിപത്രം ലഭിക്കുന്നതിനുള്ള യോഗ്യതയും അനുമതിപത്രത്തിന്റെ ഫാറവും നിർണ്ണയിക്കുവാൻ ബില്ലിലെ 14-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

14. സംസ്ഥാനതല മത്സ്യ ഗുണനിലവാര കമ്മിറ്റി നിർവ്വഹിക്കേണ്ടതായ മറ്റു കാര്യങ്ങൾ നിർണ്ണയിക്കുവാൻ ബില്ലിലെ 17-ാം ഖണ്ഡം (v)-ാം ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

15. മത്സ്യബന്ധനം നടത്തി സ്വായത്തമാക്കിയ മത്സ്യം നിയമവിധേയമായി പിടിച്ചെടുത്തതാണെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ട രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 20-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

16. മത്സ്യബന്ധനം നടത്തി സ്വായത്തമാക്കിയ മത്സ്യം നിയമവിധേയമായി പിടിച്ചെടുത്തതാണെന്ന് കാണിക്കുന്ന സാക്ഷ്യപത്രം നൽകാൻ പാലിക്കേണ്ട നടപടി ക്രമങ്ങൾ നിർണ്ണയിക്കുവാൻ ബില്ലിലെ 20-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

17. മത്സ്യ ഉൽപ്പന്നത്തിന്റെ ഗുണനിലവാര സാക്ഷ്യപത്രം നേടുന്നതിന് ഉൽപ്പാദകൻ അപേക്ഷ സമർപ്പിക്കേണ്ട രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 21-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

18. മത്സ്യ ഉൽപ്പന്നത്തിന്റെ ഗുണനിലവാര സാക്ഷ്യപത്രം നൽകുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ നിർണ്ണയിക്കുവാൻ ബില്ലിലെ 21-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

19. ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം എന്നിവയുടെ ഉടമസ്ഥർ അല്ലെങ്കിൽ കൈവശക്കാരൻ, ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവിടങ്ങളിലെ ലേലക്കാരൻ എന്നിവർ റിട്ടേൺ സമർപ്പിക്കേണ്ട രീതിയും സമയവും നിർണ്ണയിക്കുവാൻ ബില്ലിലെ 22-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

20. ബില്ലിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിലേയ്ക്ക് അധികാരപ്പെടുത്തേണ്ട പരിശോധനാ ഉദ്യോഗസ്ഥന്റെ യോഗ്യതയായി കണക്കാക്കാവുന്ന പ്രത്യേക പരിശീലനം എന്തെന്ന് നിർണ്ണയിക്കുവാൻ ബില്ലിലെ 25-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

21. പരിശോധനാ ഉദ്യോഗസ്ഥൻ പരിശോധന നടത്തിയ ഇടങ്ങൾ ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ചല്ല പ്രവർത്തിക്കുന്നത് എങ്കിൽ അത് നിർത്തിവയ്ക്കുന്നതിനും അടച്ചു പൂട്ടുന്നതിനും നിർദ്ദേശം നൽകേണ്ടതിന്റെ രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 25-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

22. ചീഞ്ഞതോ രോഗാണുക്കളടങ്ങിയതോ രാസവസ്തു ചേർത്തതോ താഴ്ന്ന നിലവാരത്തിലുള്ളതോ ആയ മത്സ്യം പരിശോധനയിൽ കണ്ടെത്തിയാൽ ആയത് പിടിച്ചെടുക്കുന്നതിനും നശിപ്പിക്കുന്നതിനുമുള്ള രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 25-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

23. (3), (4) എന്നീ ഉപഖണ്ഡങ്ങൾ പ്രകാരം പരിശോധനാ ഉദ്യോഗസ്ഥൻ ന്യായനിർണ്ണയ ഓഫീസർക്ക് വിശദവിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 25-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

24. ന്യായ നിർണ്ണയ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തേണ്ട രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 26-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

25. ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കേണ്ട ആവശ്യത്തിലേക്കായി വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 32-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

26. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകളും വിജ്ഞാപനങ്ങളും പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമങ്ങൾ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങളും ഉത്തരവുകളും അവ ഉണ്ടാക്കിയശേഷം നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ജെ. മേഴ്സിക്കുട്ടി അമ്മ

## ഖണ്ഡങ്ങളിൻമേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.— ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവ പ്രഖ്യാപിക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—മത്സ്യലേലം വ്യവസ്ഥപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—മത്സ്യലേലം നിർവ്വഹിക്കുന്നതിനുള്ള അനുമതിപത്രം ലഭിക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—ലേലക്കാരന്റെ ചുമതലകളും കർത്തവ്യങ്ങളും വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—മത്സ്യ മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—മത്സ്യ മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—അനുമതിപത്രം നേടാത്ത ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം, പരിവഹന സൗകര്യം എന്നിവയുടെ പ്രവർത്തനം വ്യവസ്ഥപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—ഐസ് പ്ലാന്റ്/ചിൽഡ് സ്റ്റോറേജ്/പൂർവ്വ സംസ്കരണ കേന്ദ്രം /സംസ്കരണ കേന്ദ്രം/പരിവഹന സൗകര്യം എന്നിവയ്ക്കുള്ള അനുമതിപത്രം അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—മത്സ്യ ഗുണനിലവാര പരിപാലനം, ശുചിത്വം എന്നിവ വ്യവസ്ഥപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—ഇനം, വലിപ്പം എന്നിവ അടിസ്ഥാനമാക്കി മത്സ്യങ്ങളുടെ ലേലം, വിപണനം, പരിവഹനം, വിതരണം എന്നിവയ്ക്കുള്ള നിയന്ത്രണം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—മത്സ്യത്തിന്റെ അടിസ്ഥാന വില നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—മത്സ്യബന്ധനം നടത്തി സ്വായത്തമാക്കിയ മത്സ്യത്തിന്റെ സാക്ഷ്യപ്പെടുത്തൽ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—മത്സ്യോൽപ്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഉപഭോക്താക്കളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും ഗുണനിലവാര സാക്ഷ്യപത്രം നൽകാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—അനുമതിപത്രമുടമ റിട്ടേൺ സമർപ്പിക്കേണ്ട രീതി വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—അനുമതിപത്രം റദ്ദാക്കുക, തടഞ്ഞുവയ്ക്കുക, ഭേദഗതി ചെയ്യുക, സെക്യൂരിറ്റി തുക വസൂലാക്കുക എന്നിവയുടെ നടപടിക്രമം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥനെ നിയമിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേക്കായി യാനങ്ങൾ, കടമുറി തുടങ്ങിയവ പരിശോധിക്കാനും ഗുണനിലവാരമില്ലാത്ത മത്സ്യം പിടിച്ചെടുക്കാനും നടപടി എടുക്കാനും പരിശോധനാ ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലപ്പെട്ട കടമകൾ നിറവേറ്റുന്നതിനുമായി ന്യായനിർണ്ണയ ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ സമർപ്പിച്ച ഉത്തരവിൻമേൽ അപ്പീൽ സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—ഈ ആക്റ്റ് പ്രകാരം അന്വേഷണം നടത്തുന്നതിന് ന്യായനിർണ്ണയ ഉദ്യോഗസ്ഥനെയും അപ്പീൽ അധികാരിയെയും അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

29-ാം ഖണ്ഡം.—കുറ്റക്കാർക്ക് പിഴശിക്ഷ ചുമത്താൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

30-ാം ഖണ്ഡം.—4, 15 എന്നീ വകുപ്പുകളോ അവയുടെ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളോ ലംഘിക്കുന്നവരെ വിചാരണ ചെയ്യുന്നതിനും ശിക്ഷ വിധിക്കുന്നതിനും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

31-ാം ഖണ്ഡം.—ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ അനുസരിച്ച് ഉത്തമ വിശ്വാസത്താൽ ചെയ്ത ഏതൊരു കാര്യവും സംരക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

32-ാം ഖണ്ഡം.—ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.